"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്തളം മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 36(8), കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021-ലെ ചട്ടം 22, എന്നിവ പ്രകാരം അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

G.O.(Ms)No.28/2023/LSGD തീയതി,തിരുവനന്തപുരം, 30-01-2023

---

പരാമർശം:-

1. 14/10/2019-ലെ സ.ഉ.(കൈ)നം.128/2019/തസ്വഭവ
2. 07/11/2020-ലെ സ.ഉ.(കൈ)നം. 178/2020/തസ്വഭവ
3. 31/08/2021-ലെ സ.ഉ.(കൈ)നം. 187/2021/തസ്വഭവ
4. 17/06/2022-ലെ സ.ഉ.(കൈ) നം. 126/2022/തസ്വഭവ
5. പന്തളം നഗരസഭ കൗൺസിലിന്റെ 10/02/2021 തീയതിയിലെ V(i) നമ്പർ തീരുമാനം.
6. പന്തളം നഗരസഭ കൗൺസിലിന്റെ 05/07/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
7. പന്തളം നഗരസഭ സെക്രട്ടറിയുടെ 27/08/2022 ലെ ഇ3-17044/2019 നമ്പർ കത്ത്.
8. പത്തനംതിട്ട ജില്ലാ നഗരാസൂത്രകന്റെ 05/09/2022 ലെ സി/538/2012 നമ്പർ കത്ത്.
9. 09/06/2022 ലെ സ.ഉ. (കൈ) നം. 120/2022/തസ്വഭവ.
10. മുഖ്യനഗരാസൂത്രകന്റെ 03/10/2022 ലെ ടിസിപിസിടിപി/1481/2020-എഫ്2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പന്തളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് പരാമർശം(1) ഉത്തരവ് പ്രകാരം അനുമതി നൽകുകയും കരട് മാസ്റ്റർ പ്ലാൻ 19/12/2019-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും (14/01/2020-ലെ വാല്യം 9, നം. 2 കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചത്)

പ്രസിദ്ധീകൃത കരട് മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുള്ളതുമാണ്.

(2) പ്രസ്തുത മാസ്റ്റർ പ്ലാനിന്മേൽ ലഭിച്ച ആക്ഷേപങ്ങളിലും നിർദ്ദേശങ്ങളിലും സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, തുടർ നടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് ഉചിത മാർഗ്ഗേന സമർപ്പിക്കുന്നതിനുള്ള സമയപരിധി പരാമർശം (2), (3), (4) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 31/08/2022 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. കൂടാതെ, കരട് പന്തളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് പ്രസിദ്ധീകരണ അനുമതി ലഭിച്ച തീയതി മുതൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്നതിനു വന്ന കാലതാമസം പരാമർശം (4) ഉത്തരവ് പ്രകാരം സാധൂകരിച്ച് നല്കിയിട്ടുള്ളതുമാണ്.

(3) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 32 പ്രകാരം പന്തളം നഗരസഭ ഒരു സ്പെഷ്യൽ കമ്മിറ്റി പരാമർശം (5) പ്രകാരം രൂപീകരിക്കുകയും പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനിന്മേൽ, സ്പെഷ്യൽ കമ്മിറ്റിയുടെ തീരുമാനങ്ങളിൽ, നഗരസഭ കൗൺസിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ പ്രകാരമുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്നിവ പ്രകാരം പുതുക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചും അന്തിമ അംഗീകാരം ലഭിക്കുന്നതിനായി മുഖ്യനഗരാസൂത്രകൻ മുഖാന്തിരം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും പരാമർശം (6) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനിക്കുകയും ആയതിൻപ്രകാരം, നഗരസഭ സെക്രട്ടറി പരാമർശം (7) പ്രകാരം അപേക്ഷിച്ചിട്ടുള്ളതുമാണ്.

(4) പന്തളം നഗരസഭ കൗൺസിൽ ശിപാർശ ചെയ്ത പ്രകാരമുള്ള മാറ്റങ്ങൾ മാസ്റ്റർ പ്ലാൻ റിപ്പോർട്ടിലും മാപ്പിലും വരുത്തിയിട്ടുള്ളതാണ് എന്ന് പത്തനംതിട്ട ജില്ലാ നഗരാസൂത്രകൻ അറിയിക്കുകയും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിനാലും അനുവദിച്ച സമയപരിധിയിൽ പ്രവർത്തനങ്ങൾ പൂർത്തിയായിരിക്കുന്നതിനാലും പന്തളം മാസ്റ്റർ പ്ലാൻ അന്തിമ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനു ജില്ലാ നഗരാസൂത്രകൻ പരാമർശം (8) പ്രകാരം ശിപാർശയും ചെയ്തിട്ടുള്ളതാണ്.

(5) പന്തളം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത്, കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021

നിലവിൽ വരുന്നതിനു മുമ്പ് ആയതിനാൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്തിട്ടുള്ളതല്ല.

(6) പ്രസിദ്ധീകൃത പന്തളം കരട് മാസ്റ്റർപ്ലാനിന്മേലുള്ള പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഹരിക്കുന്നതിന് പുതുക്കിയ മാസ്റ്റർപ്ലാൻ അംഗീകരിച്ച പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട് എന്നതിനാൽ ആയത് അംഗീകരിച്ച പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക്, പരാമർശം (9) (Guidelines for preparation of Risk Informed Master Plans) പ്രകാരം റിസ്ക് സംബന്ധിച്ച വിവരങ്ങൾ കൂടി പരിഗണിച്ച്, പമ്പാ ബേസിനിൽ ഉൾപ്പെടുന്ന പ്രസ്തുത നഗരത്തിന് പുതുക്കിയ മാസ്റ്റർപ്ലാൻ/ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം (10) പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു. പന്തളം നഗരസഭയ്ക്കായി തയ്യാറാക്കിയ പന്തളം മാസ്റ്റർപ്ലാനിന്, ആയത് അംഗീകരിക്കുവാനുള്ള പന്തളം മുനിസിപ്പൽ കൗൺസിലിന്റെ ശിപാർശ പരിഗണിച്ച് കൊണ്ട്, നഗരഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 39, കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021-ലെ ചട്ടം 22, എന്നിവ പ്രകാരം സർക്കാരിന് അനുമതി നൽകാവുന്നതാണ് എന്നും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയ വസ്തുത അറിയിച്ചുകൊണ്ട് ഓദ്യോഗിക ഗസറ്റിൽ ഒരു നോട്ടീസ് പ്രട്ടം 22 പ്രകാരമു ള്ള നോട്ടീസ് പ്രസിദ്ധീകരിക്കാവുന്നതുമാണ് എന്നും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(7) മുഖ്യനഗരാസൂത്രകന്റെ ശിപാർശ, പന്തളം നഗരസഭയുടെ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ചുകൊണ്ട് പന്തളം മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(8), കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021-ലെ ചട്ടം 22, എന്നിവ പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
DEPUTY SECRETARY

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, പത്തനംതിട്ട (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, പന്തളം നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anilkumar C

Date: 30-01-2023 16:30:51

സെക്ഷൻ ഓഫീസർ